# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6235** **20.11.2019 ലെ മറുപടി**

## നദികളുടെയും കായലുകളുടെയും സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്**<br>**,, പി.ജെ.ജോസഫ്**<br>**,, സി.എഫ്.തോമസ് :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പമന്ത്രി)** |
| സംസ്ഥാനത്തെ നദികളുടെ നീരൊഴുക്ക് തടസ്സപ്പെടാതിരിക്കുന്നതിനും കായലുകളുടെ സംരക്ഷണത്തിനുമായി സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ നീരൊഴുക്ക് സ്ഥായിയാക്കുന്ന "നീർത്തടാധിഷ്ടിത പരിപാലന പദ്ധതി"യുടെ ഭാഗമായി കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിവിധ വികസനവകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സാങ്കേതിക സമിതികൾ രൂപീകരിക്കുകയും, ചെറുനീർത്തടാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുതല "നീർത്തടപ്ലാൻ" തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഓരോ നീർത്തടത്തിലും മണ്ണ്-ജലസംരക്ഷണം സാധ്യമാക്കുന്നതിനായി റിഡ്ജ് ടു വാലി അടിസ്ഥാനത്തിൽ പ്രവൃത്തികൾ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനബജറ്റ് വിഹിതം, തൊഴിലുറപ്പുപദ്ധതി, മറ്റ് ഏജൻസികൾ എന്നിവർ മുഖേന നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തികൾ ചെറുതോടുകളിലെ ജലലഭ്യത വർദ്ധിപ്പിച്ചതായി നിരീക്ഷിച്ചിട്ടുണ്ട്. ഇതിന്റെ അനന്തരഫലമായി നദികളിലെ ജലലഭ്യതയും (നീരൊഴുക്കും) വർദ്ധിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമായ ഇടങ്ങളിൽ നദികളെ |

ജലസംഭരണികളാക്കി മാറ്റത്തക്ക വിധത്തിൽ തടയണ/റഗുലേറ്റർ എന്നിവ നിർമ്മിക്കുകവഴി നദികളിലെ ജലം കടലിലേക്ക് ഒഴുകിപ്പോകാതെ ഭൂമിയിലേക്ക് ഊർന്ന് ഇറങ്ങി ഭൂഗർഭ ജലനിരപ്പ് ഉയർത്താനും കഴിയും. നീരൊഴുക്ക് തടസ്സപ്പെടുന്നയിടങ്ങളിൽ മണലും എക്കലും മറ്റ് തടസ്സങ്ങളും നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**